പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3835 | 24.06.2014 ലെ മറുപടിയ്ക്ക്

ലോട്ടറി ബുക്കുകളിൽ ബ്രെയിലി മുദ്രകൾ രേഖപ്പെടുത്തേണ്ടതിന്റെ ആവശ്യകത

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി.ഡി. സതീശൻ :<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ. ജോസഫ് വാഴക്കൻ :<br>ശ്രീ. പാലോട് രവി : | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) അന്ധരായ ലോട്ടറി വില്പനക്കാർ കബളിപ്പിക്കപ്പെടാതിരിക്കുന്നതിന് എന്തെല്ലാം നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ;<br><br>(ബി) ഇതിനായി ലോട്ടറി ബുക്കുകളുടെ കവറിൽ ബ്രെയിലി മുദ്രകൾ രേഖപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ; വിശദമാക്കാമോ ;<br><br>(സി) ഏതെല്ലാം ടിക്കറ്റുകൾക്കാണ് പ്രസ്തുത സൗകര്യം ഏർപ്പെടുത്താനുദ്ദേശിക്കുന്നത്; അതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ? | (എ), (ബി) & (സി) | അന്ധരായ ലോട്ടറി വില്പനക്കാർ കബളിപ്പിക്കപ്പെടാതിരിക്കാനായി ഭാഗ്യക്കുറിയുടെ പേര്, ടിക്കറ്റ് വില, നറുക്കെടുക്കുന്ന ദിവസം എന്നീ വിവരങ്ങൾ ബ്രെയിലി ലിപിയിൽ ആലേഖനം ചെയ്ത റാപ്പറുകൾ കാരുണ്യ, പ്രതീക്ഷ (കാരുണ്യ പ്ലസ്), ധനശ്രീ എന്നീ ഭാഗ്യക്കുറി ടിക്കറ്റുകളുടെ പുറംചട്ടയായി സ്റ്റാപ്പിൾ ചെയ്ത് ജില്ലാ ഭാഗ്യക്കുറി ഓഫീസുകളിൽനിന്നും അന്ധരായ ഏജന്റുമാർക്ക് ആവശ്യപ്പെടുന്ന മുറയ്ക്ക് വിതരണം ചെയ്തുവരുന്നുണ്ട്. 2013 ഏപ്രിൽ മാസം മുതൽ ടി ബ്രെയിലി റാപ്പർ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.